"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - "supply, laying, testing and commissioning of 200mm DI K9 Clear Water Pumping Main from WTP to 5.5 LL OHSR at Vettichankunnu under JJM WSS to Aryanadu and Uzhamalakkal panchayaths" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.14/2025/WRD തീയതി,തിരുവനന്തപുരം, 21-02-2025

---

പരാമർശം:-
1. സ.ഉ (പി) നം. 375/2015/ധന തീയതി 24.08.2015.
2. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017.
3. സ.ഉ (സാധ) നം. 134/2022/ജ.വി.വ തീയതി 23.02.2022.
4. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 14/10/2024 തീയതിയിലെ KWA-JB/6801/2024-AEE7 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

"JJM WSS to Aryanadu and Uzhamalakkal Panchayaths" എന്ന പദ്ധതിയ്ക്ക് പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് Clear water pumping main of 7950 m of 200 mm DI K9 pipe and 7500 m of 300 mm DI K9 pipe എന്ന പ്രവൃത്തിയ്ക്ക് 13,00,00,000/- രൂപയുടെ സാങ്കേതികാനുമതി നൽകി കേരള വാട്ടർ അതോറിറ്റി ദർഘാസ് ക്ഷണിക്കുകയുണ്ടായി. നാലു പ്രാവശ്യം ദർഘാസ് ക്ഷണിച്ചിട്ടും ആരും ദർഘാസ് സമർപ്പിക്കാത്തതിനാൽ, കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് recast ചെയ്യുകയും, നിലവിലുള്ള നിയമം അനുസരിച്ച് റോഡ് പുനഃസ്ഥാപന നിരക്കുകൾ ഒഴിവാക്കി പുന:ദർഘാസ് ക്ഷണിക്കുകയും ചെയ്തു. മൂന്ന് തവണ തീയതി ദീർഘിപ്പിച്ചതിനു ശേഷവും പ്രസ്തുത ദർഘാസിലും ആരും പങ്കെടുത്തില്ല. പ്രസ്തുത സാഹചര്യത്തിൽ കൂടുതൽ bidders- ന്റെ പങ്കാളിത്തം ലഭിക്കുന്നതിനായി പ്രവൃത്തിയെ മൂന്ന് പാക്കേജുകളായി വിഭജിച്ച് എസ്റ്റിമേറ്റ് recast ചെയ്തു.

2. പ്രസ്തുത മൂന്ന് പാക്കേജുകളിലെ ഒന്നിൽ ഉൾപ്പെടുന്ന "supply, laying, testing and commissioning of 200mm DI K9 Clear Water Pumping Main from WTP to 5.5 LL OHSR at Vettichankunnu" എന്ന പ്രവൃത്തിയ്ക്ക് 3,44,20,000/- രൂപയ്ക്ക് സാങ്കേതിക അനുമതി നൽകിയ ശേഷം, ജി.എസ്.റ്റി ഒഴിവാക്കിയും, 2,91,62,151/- രൂപ TPAC ആയും, കേരള വാട്ടർ അതോറിറ്റി ദർഘാസ് ക്ഷണിച്ചു. പ്രസ്തുത ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ, അതേ TPAC യിൽ തന്നെ പുന:ദർഘാസ് ക്ഷണിച്ചു. പ്രസ്തുത ദർഘാസിൽ താഴെ പറയും പ്രകാരം രണ്ട് bidders ൽ നിന്നും ഓഫർ ലഭിക്കുകയുണ്ടായി.

| Sl. No | Name & address of Tenderer | Quoted amount | % Above/ below of TPAC |
|---|---|---|---|
| 1 | Sri.V.Prasannakumar, Varuvilakathu Veedu, Pothencode P O, Trivandrum | 3,44,10,871.65 | 18% Above |
| | | | |

| | | | |
|---|---|---|---|
| 2 | Sri. Sreekumar R.S, Aswathy, Paloorkonam, Parassala, Trivandrum. | 3,80,97,291.05 | 30.64% Above |

3. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. വി. പ്രസന്നകുമാർ ക്വാട്ട് ചെയ്ത തുക പ്രാദേശിക വിപണി നിരക്കിന്റെ അടിസ്ഥാനത്തിൽ, TPAC യേക്കാൾ 1.85% അധികരിച്ചതാണെന്ന് സ്പെഷ്യൽ ടെണ്ടർ കമ്മിറ്റി നിരീക്ഷിച്ചു. ശ്രീ. വി. പ്രസന്നകുമാറുമായി കേരള വാട്ടർ അതോറിറ്റി negotiation നടത്തിയെങ്കിലും, അദ്ദേഹം ക്വാട്ട് ചെയ്ത 3,44,10,872/- രൂപ കുറയ്ക്കാൻ തയ്യാറായില്ല. പരാമർശം (2) - ലെ സർക്കാർ ഉത്തരവ് പ്രകാരം Current DsoR+10% നിരക്കായ 3,20,78,366/- രൂപയ്ക്കു മാത്രമേ പ്രവൃത്തി അനുവദിക്കാനാകൂ.

4. പ്രസ്തുത പ്രവൃത്തി പലതവണ ടെൻഡർ ചെയ്തിട്ടുള്ളതാണെന്നും, എസ്റ്റിമേറ്റിന്റെ പുനർനിർണയവും നടത്തിയിട്ടുണ്ടെന്നും, എന്നാൽ bidders നിന്നുള്ള പ്രതികരണം കുറവായിരുന്നു എന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. DI പൈപ്പ് വിതരണം കൂടി ആയതിൽ ഉൾപ്പെടുന്നതിനാൽ പ്രസ്തുത പ്രവൃത്തിയ്ക്ക് മികച്ച ഓഫർ ലഭിക്കാൻ സാധ്യതയില്ലെന്നും, നിലവിൽ വിപണിയിൽ DI പൈപ്പുകൾക്ക് ഏകദേശം 28% വർദ്ധനവുണ്ടെന്നും, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. മേൽ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് lowest bidder ആയ Sri.V.Prasannakumar, Varuvilakathu Veedu, Pothencode. P O, Trivandrum- ൽ നിന്നും ലഭിച്ച 3,44,10,872/- രൂപയുടെ ടെണ്ടർ പരിഗണിയ്ക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. 2022-ൽ ഭരണാനുമതി കിട്ടിയ ഈ പ്രവൃത്തി അനവധി പ്രാവശ്യം ടെണ്ടർ ചെയ്യുകയും എസ്റ്റിമേറ്റ് റികാസ്റ്റ് ചെയ്ത് വീണ്ടും ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ 02/08/2024-ന് തുറന്ന ഈ ടെണ്ടറിന്റെ ഫേം പീരീഡ് ഉടനെ അവസാനിക്കുകയും ചെയ്യും. കോൺട്രാക്ടറുമായി ഇതിനകം തന്നെ നെഗോഷിയേഷൻ നടത്തിയെങ്കിലും തുക കുറയ്ക്കാൻ തയ്യാറായിട്ടില്ല.

6. പ്രസ്തുത സാഹചര്യത്തിൽ 'supply, laying, testing and commissioning of 200mm DI K9 Clear Water Pumping Main from WTP to 5.5 LL OHSR at Vettichankunnu under JJM WSS to Aryanadu and Uzhamalakkal panchayaths' എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച lowest bidder ആയ 'Sri.V.Prasannakumar, Varuvilakathu Veedu, Pothencode P O, Trivandrum' ക്വാട്ട് ചെയ്തTendered PAC യേക്കാൾ 18% അധികരിച്ച തുകയായ 3,44,10,871.65/- രൂപയ്ക്ക് (മൂന്ന് കോടി നാല്പത്തിനാല് ലക്ഷത്തി പതിനായിരത്തി എണ്ണൂറ്റി എഴുപത്തിയൊന്ന് രൂപ അറിപത്തിയഞ്ച് പൈസ മാത്രം) ദർഘാസ് അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് ( 19.02.2025-ലെ ഇനം. 2736 പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം. പി.യു-സി1/254/2024/ധന)

5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Khadeeja Alungal
Date: 22-02-2025 11:30:58
സെക്ഷൻ ഓഫീസർ

പകർപ്പ്

ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസിന്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-02-2025

ഫയൽ നം. ഡബ്ല്യു.എസ്.- ബി1/227/2024- ജ.വി.വ. ഇനം നം: 2736

വിഷയം : ജലവിഭവ വകുപ്പ് - 'supply, laying, testing and commissioning of 200mm DI K9 Clear Water Pumping Main from WTP to 5.5 LL OHSR at Vettichankunnu under JJM WSS to Aryanadu and Uzhamalakkal panchayaths' എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC-യേക്കാൾ 18% അധികരിച്ച 3,44,10,871.65/- രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

WSB1
20/2/25
S.S

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
20 FEB 2025

2736

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യു എസ്- ബി1/227/2024-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | 'supply, laying, testing and commissioning of 200mm DI K9 Clear Water Pumping Main from WTP to 5.5 LL OHSR at Vettichankunnu under JJM WSS to Aryanadu and Uzhamalakkal panchayaths.' എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 18% അധികരിച്ച 3,44,10,871.65/- രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04/02/2025 |
| 5. | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (II) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ. ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10/02/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15/02/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 17/02/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18/02/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

"supply, laying, testing and commissioning of 200mm DI K9 Clear Water Pumping Main from WTP to 5.5 LL OHSR at Vettichankunnu under JJM WSS to Aryanadu and Uzhamalakkal panchayaths." എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 18% അധികരിച്ച ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. "JJM WSS to Aryanadu and Uzhamalakkal Panchayaths" എന്ന പദ്ധതിയ്ക്ക് 23.02.2022 തീയതിയിലെ സ.ഉ (സാധ) നം. 134/2022/ജ.വി.വ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് Clear water pumping main of 7950 m of 200 mm DI K9 pipe and 7500 m of 300 mm DI K9 pipe എന്ന പ്രവൃത്തിയ്ക്ക് 13,00,00,000/- രൂപയുടെ സാങ്കേതികാനുമതി നൽകി. 11,01,43,708.17/- രൂപ Tendered PAC ആയി നാലു പ്രാവശ്യം ദർഘാസ് ക്ഷണിക്കുകയുമുണ്ടായി. ദർഘാസ് സമർപ്പിക്കുന്നതിനുള്ള തീയതി പലപ്രാവശ്യം ദീർഘിപ്പിച്ചു നൽകിയിട്ടും, ആരും ദർഘാസ് സമർപ്പിക്കാത്തതിനാൽ, കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് recast ചെയ്യുകയും, നിലവിലുള്ള നിയമം അനുസരിച്ച് റോഡ് പുനഃസ്ഥാപന നിരക്കുകൾ ഒഴിവാക്കി, 7,46,85,147/- രൂപ TPAC ആയി പുനഃദർഘാസ് ക്ഷണിക്കുകയും ചെയ്തു. മൂന്ന് തവണ തീയതി ദീർഘിപ്പിച്ചതിനു ശേഷവും പ്രസ്തുത ദർഘാസിലും ആരും പങ്കെടുത്തില്ല.

3. പ്രസ്തുത സാഹചര്യത്തിൽ കൂടുതൽ bidders- ന്റെ പങ്കാളിത്തം ലഭിക്കുന്നതിനായി പ്രവൃത്തിയെ മൂന്ന് പാക്കേജുകളായി വിഭജിച്ച് എസ്റ്റിമേറ്റ് recast ചെയ്തു. പ്രസ്തുത മൂന്ന് പാക്കേജുകളിലെ ഒന്നിൽ ഉൾപ്പെടുന്നതാണ് "supply, laying, testing and commissioning of 200mm DI K9 Clear Water Pumping Main from WTP to 5.5 LL OHSR at Vettichankunnu" എന്ന പ്രവൃത്തി. 3,44,20,000/- രൂപയ്ക്ക് സാങ്കേതിക

അനുമതി നൽകിയ ശേഷം, ജി.എസ്.റ്റി ഒഴിവാക്കിയും, 2,91,62,151/- രൂപ TPAC ആയും, 11.03.2024 ദർഘാസ് സമർപ്പിക്കാനുള്ള തീയതിയായും നിശ്ചയിച്ചുകൊണ്ട് കേരള വാട്ടർ അതോറിറ്റി ദർഘാസ് ക്ഷണിച്ചു. ലോകസഭാ തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം കാരണം ദർഘാസ് ഏഴ് തവണ നീട്ടിനൽകി. പ്രസ്തുത ടെണ്ടറിലും ആരും പങ്കെടുക്കാത്തതിനാൽ, അതേ TPAC യിൽ 05.07.2024 ആവസാന തീയതിയായി പുനഃദർഘാസ് ക്ഷണിച്ചു. ആരും ദർഘാസിൽ പങ്കെടുക്കാത്തതിനാൽ മൂന്നു പ്രാവശ്യം തീയതി ദീർഘിപ്പിച്ചു നൽകിയതിനെ തുടർന്ന് രണ്ടു പേർ ദർഘാസ് സമർപ്പിക്കുകയുണ്ടായി. 02.08.2024 തീയതിയിൽ പ്രസ്തുത ദർഘാസ് തുറന്നു.

ദർഘാസുകളുടെ വിശദാംശം താഴെ പറയും പ്രകാരമാണ്:

| Sl. No | Name of Tenderer | TPAC Rs. | Quated Amount Rs. | Above/ Below |
|---|---|---|---|---|
| 1 | Sri.V.Prasannakumar, Varu vilakathuVeedu, Pothencode P O, Trivandrum | 2,91,62,151 | 3,44,10,871.65 | 18% Above |
| 2 | Sri. Sreekumar R.S, Aswathy, Paloorkonam, Parassala, Trivandrum | 2,91,62,151 | 3,80,97,291.05 | 30.64% Above |

4. Item rate contract ആയാണ് പ്രസ്തുത ടെണ്ടർ ക്ഷണിച്ചത്. ഏറ്റവും കുറഞ്ഞ ലേലക്കാരനായ ശ്രീ. വി. പ്രസന്നകുമാറുമായി കേരള വാട്ടർ അതോറിറ്റി negotiation നടത്തിയെങ്കിലും, അദ്ദേഹം ക്വാട്ട് ചെയ്ത 3,44,10,872/- രൂപ കുറയ്ക്കാൻ തയ്യാറായില്ല. STC TA യോഗം പ്രസ്തുത bid വിലയിരുത്തുകയും, പ്രാദേശിക വിപണി നിരക്കിന്റെ അടിസ്ഥാനത്തിൽ, TPAC യേക്കാൾ 1.85% അധികരിച്ചതാണ് ദർഘാസ് തുകയെന്നും നിരീക്ഷിക്കുകയുണ്ടായി.

താരതമ്യ വിശദാംശങ്ങൾ ഇപ്രകാരമാണ്:

Quoted Amount of the Lowest bidder - Rs. 3,44,10;871.65/- (18% above TPAC)
TPAC based on Local Market Rate - Rs. 3,37,86,133.73/- (15.86% above TPAC)
Current DsoR + 10% - Rs. 3,20,78,366/-

5. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുകയും, Current SoR + 10% നിരക്കുമായ 3,20,78,366/- രൂപയ്ക്കു മാത്രമേ പ്രവൃത്തി അനുവദിക്കാനാകൂ.

താരതമ്യ പ്രസ്താവന താഴെ പറയും പ്രകാരമാണ്:

| **Quoted Amount - Rs. 3,44,10,871.65/-** | | |
|---|---|---|
| | Amount | Quoted Amount Percentage Above or Below |
| Tendered PAC | Rs. 2,91,62,151/- | **18 % Above** |
| Current SoR +10% amount | Rs. 3,20,78,366/- | **7.27 % Above** |
| Local Market Rate | Rs. 3,37,86,133.73/- | **1.85 % Above** |

6. പ്രസ്തുത പ്രവൃത്തി പലതവണ ടെൻഡർ ചെയ്തിട്ടുള്ളതാണെന്നും, എസ്റ്റിമേറ്റിന്റെ പുനർനിർണയവും നടത്തിയിട്ടുണ്ടെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. എന്നാൽ bidders നിന്നുള്ള പ്രതികരണം കുറവായിരുന്നു. DI പൈപ്പ് വിതരണം കൂടി ആയതിൽ ഉൾപ്പെടുന്നതിനാൽ പ്രസ്തുത പ്രവൃത്തിയ്ക്ക് മികച്ച ഓഫർ ലഭിക്കാൻ സാധ്യതയില്ലെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. നിലവിൽ വിപണിയിൽ DI പൈപ്പുകൾക്ക് ഏകദേശം 28% വർദ്ധനവുണ്ട്.

7. മേൽ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് lowest bidder ആയ Sri. V.Prasannakumar, Varu vilakathu Veedu, Pothencode. P O, Trivandrum- ൽ നിന്നും ലഭിച്ച ടെണ്ടർ TPAC യായ 2,91,62,151/- രൂപയേക്കാൾ 18% അധികരിച്ച തുകയുമായ 3,44,10,872/- രൂപയ്ക്ക് പരിഗണിയ്ക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

8. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ പറയുന്നു:

*"AD is informed that if AD /KWA feel that there will be no scope in getting a better response even on recall of tenders (with a reworked estimate), then the*

*lowest offer submitted by Sri. V. Prasannakumar, Trivandrum for a quoted amount of Rs. 3,44,10,872/- which is 18% above the Tendered PAC of Rs.2,91,62,151/- may be placed before Council of Ministers for getting approval, with full justification ( however after making an earnest effort to bring down the rate to LMR PAC as 1.85% above TPAC based on LMR)"*

*'This has the approval of Hon'ble Minister (Finance) '*

9. 24.08.2015-ലെ സ. ഉ (പി) നം. 375/15/ധന പ്രകാരം ഉത്തരവ് പ്രകാരം അധിക തുകയ്ക്ക് ടെണ്ടറുകൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇപ്രകാരമാണ്:

*Normally no tender excess above 10% of estimated PAC will be allowed. If the lowest tender received exceeds 10% of the estimated cost, all such works shall be re- tendered under normal circumstances. However, if the Heads of Departments feel that some works exceeding 10% of PAC are to be urgently executed in the exigency of public service, then all such works shall be sanctioned at Government level with the concurrence of Finance Department. The Head of Department shall exercise due diligence in recommending each such proposal and should personally evaluate the circumstances that warrants such special considerations and submit a detailed justification for the acceptance of each such proposals"*

10. ബഹു. ജലവിഭവ വകുപ്പ മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"2022-ൽ ഭരണാനുമതി കിട്ടിയ ഈ പ്രവൃത്തി അനവധി പ്രാവശ്യം ടെണ്ടർ ചെയ്യുകയും എസ്റ്റിമേറ്റ് റികാസ്റ്റ് ചെയ്ത് വീണ്ടും ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ 02/08/2024-ന് തുറന്ന ഈ ടെണ്ടറിന്റെ ഫേം പീരീഡ് ഉടനെ അവസാനിക്കുകയും ചെയ്യും. കോൺട്രാക്ടറുമായി ഇതിനകം തന്നെ നെഗോഷിയേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. ടിയാൻ തുക കുറയ്ക്കാൻ തയ്യാറല്ല. കൂടാതെ ഈ കേസിൽ 3.37 കോടി രൂപ യഥാർത്ഥ മാർക്കറ്റ് റേറ്റ് ഉള്ളപ്പോൾ 3.44 കോടി മാത്രമേ ടിയാൻ ക്വാട്ട് ചെയ്തിട്ടുള്ളു. മേൽ സാഹചര്യത്തിൽ അടിയന്തിരമായി പ്രവൃത്തി നടപ്പിലാക്കണം എന്നതിനാൽ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും"

11. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

'supply, laying, testing and commissioning of 200mm DI K9 Clear Water Pumping Main from WTP to 5.5 LL OHSR at Vettichankunnu under JJM WSS to Aryanadu and Uzhamalakkal panchayaths.' എന്ന പ്രവൃത്തിയ്ക്ക് "Sri. V.Prasannakumar, Varu vilakathuVeedu, Pothencode P O, Trivandrum" ക്വാട്ട് ചെയ്ത ദർഘാസ് Tendered PAC യേക്കാൾ 18% അധികരിച്ച തുകയായ 3,44,10,871.65/- രൂപയ്ക്ക് (മൂന്ന് കോടി നാല്പത്തിനാല് ലക്ഷത്തി പതിനായിരത്തി എണ്ണൂറ്റി എഴുപത്തിയൊന്ന് രൂപ അറുപത്തിയഞ്ച് പൈസ മാത്രം) അനുവദിയ്ക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകാമോ;